Put up in web CE 28/8/14

Office of the Chief Engineer
LSGD, Thiruvananthapuram
25/8/14

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കോ-ഓർഡിനേഷൻ സമിതി തീരുമാനം - പ്രോജക്ടുകൾക്ക് അനുമതി - തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ആഫീസിലും ദക്ഷിണമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ആഫീസിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് സാങ്കേതികാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യു) വകുപ്പ്

സ.ഉ. (സാധ) നം.2097/2014/തസ്വഭവ. തീയ്യതി, തിരുവനന്തപുരം, 14-08-2014.

---

പരാമർശം:
1. 16-07-2014-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി3/753/2012/സിഇ/തസ്വഭവ. നമ്പർ കത്ത്.
2. 23-07-2014-ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതിയുടെ 3.3 നം. തീരുമാനം

## ഉത്തരവ്

പരാമർശം 2-ലെ വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനപ്രകാരം ടെണ്ടർ ചെയ്യുന്ന 5 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടത്തണമെന്ന മുൻ തീരുമാനം മാറ്റേണ്ടതില്ലെന്നും പ്രൊജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നത് സംബന്ധിച്ച് നിലവിലെ രീതി തുടരണമെന്നും, തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ആഫീസിലും ദക്ഷിണമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ആഫീസിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കൊടുക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകികൊണ്ടും തീരുമാനിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ്. വേണുഗോപാലൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ, തസ്വഭ ദക്ഷിണമേഖലാ ഓഫീസ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി.എ/ഡി.സി) വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തൃശ്ശൂർ.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

| | |
|---|---|
| CE | 25/8/14 |
| DCE | |
| EE | |
| AEE | |
| AA | |
| JS | |